# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6366 21.11.2019 ൽ മറുപടിക്ക്**

## കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ. പി.ഉബൈദുള്ള<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി റോഡുകളിൽ കാൽനട യാത്രക്കാർക്കും, സൈക്കിൾ യാത്രികർക്കും സുരക്ഷിതമായ പാത ഒരുക്കുന്നതിന് കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പകരം നിയമനിർമ്മാണം നടത്താൻ ഉദ്ദേശമുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) കാൽനട യാത്രക്കാർക്കും സൈക്കിൾ യാത്രക്കാർക്കും സുരക്ഷിതപാത ഒരുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് 1999 അധ്യായം 3, സെക്ഷൻ 7 പ്രകാരം നിലവിലുണ്ട്. പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിലുള്ള റോഡുകളിൽ കാൽനട യാത്രക്കാർക്കും സൈക്കിൾ യാത്രികർക്കും സുരക്ഷിതമായ പാതയൊരുക്കുന്നതിനുള്ള നടപടികൾ സ്ഥല ലഭ്യതയും ഫണ്ട് ലഭ്യതയും അനുസരിച്ച് നടപ്പിലാക്കി വരുന്നു.<br>ദേശീയപാതയോരത്ത് കാൽനടയാത്രക്കാർക്കും, സൈക്കിൾ യാത്രക്കാർക്കും സുരക്ഷിത യാത്ര ഒരുക്കുന്നതിന് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് നിലവിലുണ്ട്. ഈ ആക്ട് പ്രകാരം നിലവിലെ അഡ്മിനിസ്ട്രേറ്റർ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ റീജിയണൽ ഓഫീസർ ആണ്. കേരള സർക്കാരിന്റെ പുതിയ പദ്ധതിയായ തീരദേശഹൈവേയുടെ നിർമ്മാണത്തിൽ രണ്ട് മീറ്റർ വീതിയിൽ സൈക്കിളുകൾക്കായി പ്രത്യേകം ട്രാക്ക് നിർമ്മിക്കുന്നുണ്ട്. |
| (ബി) എൻ.എച്ച്, പി.ഡബ്ല്യൂ.ഡി റോഡുകളിൽ നിലവിലുള്ള സ്ഥലം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഉദ്ദേശമുണ്ടോ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (ബി) സർക്കാർ ഉത്തരവ് (കൈ)നം.63/16 പൊ.മ.വ തീയതി 03-09-2016 പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനായി ഹൈവേ പ്രൊട്ടക്ഷൻ ആക്ട് സാദ്ധ്യമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പ് |

റോഡുകളുടെ സംരക്ഷണത്തിനും നിരീക്ഷണത്തിനുമായി അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ടി ആക്റ്റ് പ്രകാരം കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള അധികാരം മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. ഉത്തരവ് കർശനമായി പാലിക്കുന്നതിന് എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 08-02-2017 -ൽ ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെയും ഗതാഗത വകുപ്പ് മന്ത്രിയുടെയും അദ്ധ്യക്ഷതയിൽ എല്ലാ ജില്ലാ കളക്ടർമാരുടെയും ജില്ലാതല ഉദ്യോഗസ്ഥൻമാരുമായും നടത്തിയ വീഡിയോ കോൺഫറൻസിൽ ഇത്തരം കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിന് പൊതുമരാമത്ത്, പോലീസ് റവന്യൂ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളുടെ വശങ്ങളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് അതാത് പ്രദേശത്തെ ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാർക്ക് അധികാരമുണ്ട്. അനധികൃത കയ്യേറ്റങ്ങൾ ഉള്ളതിൽ കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും, ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് ഉപയോഗിച്ച് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പോലീസിന്റെ സഹായത്തോടെ ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിക്കാറുണ്ട്.

**സെക്ഷൻ ഓഫീസർ**